" ഭരണഭാഷ - മാതൃഭാഷ "

OFFICE OF THE PRINCIPAL DIRECTOR, LSGD
20 MAY 2023
THIRUVANANTHAPURAM

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യവകുപ്പ് - നിയോജക മണ്ഡല ആസ്തി വികസന പദ്ധതി/പ്രത്യേക വികസന നിധി പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരം നിർവഹിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ഇൻഡസ്ട്രീസ്&പി.ഡബ്ല്യൂ-ബി) വകുപ്പ്**

**സ.ഉ.(അച്ചടി)നം.41/2023/ധന.** **തീയതി, തിരുവനന്തപുരം, 13.04.2023**

---

പരാമർശം:-1. സ.ഉ.(പി) 118/2018/ധന തീയതി 03/08/2018
2. സ.ഉ.(പി) 67/2021/ധന തീയതി 28/04/2021
3. സ.ഉ.(പി) 7/2022/ധന തീയതി 17/01/2022
4. സ.ഉ.(പി) 104/2022/ധന തീയതി 02/09/2022
5. ബഹു കോങ്ങാട് നിയോജക മണ്ഡലം എം.എൽ.എ യുടെ 12/04/2022 ലെ നം 139/22/കെ.ജി.ഡി നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹിക്കുന്നതിന് പരാമർശം 1 മുതൽ 4 വരെയുള്ള ഉത്തരവുകൾ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2. തദ്ദേശ സ്വയംഭരണ വകുപ്പിന് തനത് പ്രവൃത്തികൾ തന്നെ ഏറ്റെടുത്ത് നിർവ്വഹിക്കാൻ കഴിയാത്ത വിധമുള്ള ജോലിഭാരം കണക്കിലെടുത്ത്, എം.എൽ.എ മാരുടെ നിയോജകണ്ഡല ആസ്തി വികസന പദ്ധതി/പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന റോഡ് നിർമ്മാണം, കെട്ടിട നിർമ്മാണം പോലുള്ള പ്രവൃത്തികൾ പി.എം.സി വ്യവസ്ഥയിൽ അക്രഡിറ്റഡ് ഏജൻസികളെ നിർവ്വഹണ ഏജൻസിയായി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകണമെന്ന് ബഹു.കോങ്ങാട് നിയോജകമണ്ഡലം എം.എൽ.എ പരാമർശം 5 പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ചുവടെ ചേർക്കും പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി നിയോജക മണ്ഡല ആസ്തി വികസന പദ്ധതി/പ്രത്യേക വികസന നിധി പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരം നിർവ്വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് PRICE software -ൽ തയ്യാറാക്കുന്നതിന്, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഒരു അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കാവുന്നതാണ്.

- തയ്യാറാക്കപ്പെട്ട എസ്റ്റിമേറ്റ് ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിംഗിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും, ആയത് പരിശോധിച്ച് ജില്ലാ കളക്ടർ /ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ പുറപ്പെടുവിക്കേണ്ടതുമാണ്.
- തുടർന്ന് പ്രസ്തുത പ്രവൃത്തി ടെണ്ടർ നടപടികളിലൂടെ ഒരു പി.എം.സി/നോൺ പി.എം.സി ഏജൻസിയെ ഏൽപ്പിക്കാവുന്നതുമാണ്. സ.ഉ(പി) 7/2022/ധന പ്രകാരം ഒരു കോടി രൂപ വരെയുള്ള പ്രവൃത്തികൾ നോൺ പി.എം.സി ഏജൻസികൾക്ക് ടെണ്ടർ നടപടികൾ കൂടാതെ നൽകാവുന്നതാണ്.
- ഇപ്രകാരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മേൽ പരാമർശം 1 മുതൽ 4 വരെയുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്.വി.കല**
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-1), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-2), കേരളം, തിരുവനന്തപുരം
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ ഗവൺമെന്റ് സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
ചീഫ് എഞ്ചിനീയർ തദ്ദേശസ്വയം ഭരണവകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
രജിസ്ട്രാർ, എല്ലാ യൂണിവേഴ്സിറ്റികളും
എല്ലാ നിയമസഭാ സാമാജികർക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E-2064666)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ